# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

2012 -13 ലെ പദ്ധതി വിഹിതത്തിന്റെ വിനിയോഗം

2752 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ 2012 -13 -ലെ പദ്ധതി വിഹിതത്തിന്റെ വിനിയോഗം 2012 നവംബർ 30 വരെ എത്ര ശതമാനമാണ് ; സ്കീം തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(ബി) പദ്ധതി വിഹിതത്തിൽ ഇതുവരെ യാതൊരു തുകയും ചെലവഴിക്കാത്ത സ്കീമുകൾ ഉണ്ടോ ; എങ്കിൽ ആയതിന്റെ കാരണവും വിശദാംശങ്ങളും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങളിൽ നിന്നുള്ള വായ്പ</u>
<u>എഴുതിതള്ളുന്ന നടപടി</u>

2753 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ള എസ്.സി./എസ്.റ്റി. വിഭാഗങ്ങളുടെ വായ്പകൾ എഴുതിതള്ളുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപയാണ് പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് നൽകിയിട്ടുള്ളത് ;

(ബി) പ്രസ്തുത തുകയിൽ എത്ര രൂപയാണ് ഇതുവരെ വിതരണം ചെയ്തിട്ടുള്ളത് ; എത്ര ഗുണഭോക്താക്കൾക്കാണ് ഇതിന്റെ ആനുകൂല്യം ലഭിച്ചത് ; ജില്ലാടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(സി) എത്ര രൂപവരെയാണ് നിലവിൽ എഴുതിതള്ളുന്നത് ; പ്രസ്തുത തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ഡി) ഇപ്പോൾ നിശ്ചയിച്ച തുകയ്ക്ക് മുകളിൽ വരുന്ന തുകയുടെ പലിശയും പിഴപലിശയും ഒഴിവാക്കി മുതൽ മാത്രം ഒറ്റത്തവണ തീർപ്പാക്കാൻ പദ്ധതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം ഉള്ള ആനുകൂല്യം എത്ര ഗുണഭോക്താക്കൾക്കാണ് ലഭിച്ചിട്ടുള്ളത് ; ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ; എത്ര രൂപയാണ് ഈ പദ്ധതിക്കുമാത്രം ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള തിരിച്ചടവ് കാലാവധി നിലവിലെ 31.03.2006 ൽ നിന്നും നീട്ടി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**19.12.2012-ലെ മറുപടിക്ക്**

<u>എസ്.സി. വിഭാഗത്തിൽപ്പെട്ടവർക്ക് സംവരണം ചെയ്തിരുന്ന ഒഴിവുകൾ</u>

2754 ശ്രീ. ജെയിംസ് മാത്യു
,, ബാബു എം. പാലിശ്ശേരി
,, വി. ചെന്താമരാക്ഷൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.സി. വിഭാഗത്തിൽപ്പെട്ടവർക്ക് സംവരണം ചെയ്തിരുന്നതും 2008 വരെ നികത്താത്തതുമായ ഒഴിവുകൾ ഡിസംബർ 31 ന് മുമ്പ് നികത്തുമെന്ന് പ്രഖ്യാപിച്ചിരുന്നോ ;

(ബി) എത്ര ഒഴിവുകളാണ് നികത്താനുണ്ടായിരുന്നതെന്നും അതിൽ എത്ര ഒഴിവുകൾ നികത്തിയെന്നും അറിയിക്കാമോ ;

(സി) ഏതൊക്കെ വകുപ്പുകളാണ് ഇത്തരത്തിൽ ഒഴിവുകൾ നികത്തിയതെന്നും ഇനി ഏതൊക്കെ വകുപ്പുകൾ നടപടിയെടുക്കേണ്ടതുണ്ടെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>സെല്‍ഫ് സഫിഷ്യന്റ് വില്ലേജ് പദ്ധതികള്‍</u>

2755 ശ്രീ. വി. ഡി. സതീശന്‍
,, അന്‍വര്‍ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷന്‍
,, വര്‍ക്കല കഹാര്‍

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

സെല്‍ഫ് സഫിഷ്യന്റ് വില്ലേജ് പദ്ധതിയുടെ പ്രയോജനം എത്ര കുടുംബങ്ങള്‍ക്ക് ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പട്ടികജാതി സമുദായത്തിൽപ്പെട്ടവർക്കുള്ള ഗ്രാന്റുകൾ</u>

2756 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സമുദായത്തിൽപ്പെട്ടവർക്ക് നൽകുന്ന വിവിധ ഗ്രാന്റുകൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പട്ടിക ജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗ്രാന്റ് വിദ്യാഭ്യാസ വർഷാരംഭത്തിൽ തന്നെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പട്ടികജാതി കുടുംബങ്ങൾ</u>

2757 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര പട്ടികജാതി കുടുംബങ്ങളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിൽ എത്ര ശതമാനം കുടുംബങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) എസ്.സി. കോർപ്പസ് ഫണ്ടിൽ നിന്നും പദ്ധതികളാവിഷ്ക്കരിക്കുമ്പോൾ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്ന പദ്ധതികൾക്ക് മുൻഗണന നൽകുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ദുർബല വിഭാഗങ്ങളെ സാമ്പത്തികമായി സഹായിക്കുന്നതിന് കർമ്മ പദ്ധതി</u>

2758 ശ്രീ. സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, പി. എ. മാധവൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ ദുർബല വിഭാഗങ്ങളെ സാമ്പത്തികമായി സഹായിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവർക്കുവേണ്ടി ഒരു കടാശ്വാസ പദ്ധതിക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ ;

(സി) എന്തെല്ലാം ആശ്വാസങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഒറ്റത്തവണ തീർപ്പാക്കൽ സംവിധാനം പ്രസ്തുത പദ്ധതിക്ക് ബാധകമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

പട്ടികജാതി മേഖലകളിൽ സൗജന്യ കമ്മ്യൂണിറ്റി ക്ലിനിക്

2759 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന മേഖലകളിൽ സൗജന്യ ചികിത്സ ലഭ്യമാക്കാൻ കമ്മ്യൂണിറ്റി ക്ലിനിക് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇവ സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത ക്ലിനിക്കുകളിൽ നിന്നും എന്തെല്ലാം സേവനങ്ങൾ പ്രദാനം ചെയ്യുമെന്നും ക്ലിനിക്കുകളുടെ നടത്തിപ്പിനുള്ള ചുമതല ആർക്കാണെന്നും ഇതിന്റെ പ്രവർത്തന ചെലവുകൾ ആരാണ് വഹിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ നടപ്പു വർഷം എന്തു തുക വകകൊള്ളിച്ചിട്ടുണ്ടെന്നും അതിൽ എത്ര ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചുവെന്നും എവിടെയെല്ലാം ക്ലിനിക്കുകൾ സ്ഥാപിച്ചുവെന്നും വ്യക്കമാക്കാമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

പട്ടികജാതി സങ്കേതങ്ങളിൽ ക്യൂ.ആർ.എസ്. പദ്ധതി

2760 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സങ്കേതങ്ങളിൽ ക്യൂ.ആർ.എസ്. പദ്ധതി നടപ്പാക്കാൻ വനിതകളുടെ എത്ര സ്വയംസഹായ സംഘങ്ങൾക്ക് രൂപം നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ചുമതല ഏത് ഏജൻസിക്കാണ് നൽകിയിട്ടുള്ളതെന്നും ഓരോ സംഘത്തിനും നൽകുന്ന ധനസഹായം എത്രയെന്നും വ്യക്തമാക്കുമോ ;

(സി) നടപ്പു സാമ്പത്തിക വർഷം ഇതിനായി എത്ര കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും അതിൽ ഇതുവരെ എത്ര കോടി രൂപാ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കാട, മുയൽ, ആട് എന്നിവയിൽ വ്യാവസായികാടിസ്ഥാനത്തിൽ കാട വളർത്തുന്നതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ ; എങ്കിൽ അത് ഒഴിവാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി ഉല്പ്പന്നങ്ങൾ വിറ്റഴിക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പ്രീ-മെട്രിക് ഹോസ്റ്റൽ വാർഡന്മാരുടെ യോഗ്യതയും വിദ്യാർത്ഥികൾക്കു നൽകുന്ന സൗകര്യങ്ങളും</u>

2761 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ വാർഡന്മാരുടെ യോഗ്യത എസ്.എസ്.എൽ.സി മാത്രമായതിനാൽ ഹോസ്റ്റലിന്റെ മേലധികാരി എന്ന നിലയിൽ എങ്ങനെയാണ് ഇവർക്ക് ബി.എഡ് ബിരുദധാരികളായ ട്യൂട്ടർമാരുടെ അധ്യാപന നിലവാരവും +2 വരെയുള്ള വിദ്യാർത്ഥികളുടെ പഠനനിലവാരവും വിലയിരുത്തുവാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഹോസ്റ്റൽ അന്തേവാസികൾക്ക് ഐ.റ്റി. ഉൾപ്പെടെയുള്ള എല്ലാ വിഷയങ്ങൾക്കും ട്യൂഷൻ നൽകുന്നുണ്ടോ;

(സി) ഒരു അന്തേവാസിക്ക് ഒരു ദിവസത്തെ ഭക്ഷണത്തിന് എന്തു തുകയാണ് അനുവദിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത തുകയ്ക്ക് തൃപ്തികരമായ പോഷണമൂല്യമുള്ള ഭക്ഷണം നൽകുന്നതിന് സാധിക്കുന്നുണ്ടോ;

(ഡി) എന്തുകൊണ്ടാണ് വാർഡന്മാർക്ക് പട്ടികജാതി വികസന ഓഫീസറായോ, മറ്റ് പ്രമോഷൻ തസ്തികയിലേക്കോ ഉദ്യോഗ കയറ്റം നൽകാത്തതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പ്രീമെട്രിക്ക് ഹോസ്റ്റലുകളിലെ വാർഡൻമാരുടെ ദിവസ വേതനം</u>

2762 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന പ്രീമെട്രിക് ഹോസ്റ്റലുകളിലെ വാർഡൻമാർക്ക് നൽകുന്ന 350/- രൂപ അപര്യപ്തമാണെന്നതിനാൽ ആയത് പുതുക്കി നിശ്ചയിക്കുന്നതിനുളള നടപടി സ്വീകരിക്കുമോ;

(ബി) വാർഡൻമാരുടെ പ്രവർത്തി സമയം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ കൃത്യമായി എത്ര മണിക്കൂർ ; വിശദമാക്കുമോ;

(സി) ഏത് പ്രായപരിധിയിൽപ്പെട്ട കുട്ടികളെയാണ് പ്രീമെട്രിക് ഹോസ്റ്റലിൽ അന്തേവാസികളാക്കുന്നത് ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

പിന്നോക്ക ക്ഷേമ കോർപ്പറേഷന്റെ പുനഃസംഘടന

2763 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള സംസ്ഥാന പിന്നോക്ക ക്ഷേമ കോർപ്പറേഷൻ പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; പുതിയ അംഗങ്ങളെ ചേർത്തിട്ടുണ്ടോ;

(ബി) പിന്നോക്ക വിഭാഗത്തെ പ്രതിനിധീകരിച്ച് ഏത് വിഭാഗത്തിൽപ്പെടുന്ന ആളെയാണ് ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) പ്രസ്തുത കോർപ്പറേഷനിൽ പ്രമുഖ പിന്നോക്ക സമുദായമായ മുസ്ലീം സമുദായത്തിന് പ്രാതിനിധ്യം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(ഡി) ഇവിടെ നിലവിൽ ഏതെല്ലാം പിന്നോക്ക സമുദായങ്ങൾക്കാണ് പ്രാതിനിധ്യം നല്കിയിട്ടുള്ളത്; ഒരു സമുദായത്തിൽപ്പെട്ട ഒന്നിലേറെപ്പേർക്ക് പ്രാതിനിധ്യം നല്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി പതിച്ചു നൽകുന്ന നടപടി</u>

2764 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് എത്ര വീതം എവിടെയൊക്കെ ഭൂമി പതിച്ചു നൽകിയിട്ടുണ്ടെന്നു വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് ആകെ എന്തു തുക ലംപ്സംഗ്രാന്റായി അനുവദിച്ചെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈയിനത്തിൽ എന്തു തുക കുടിശ്ശികയുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

ഒ.ബി.സി./എസ്.സി. ഫീസാനുകൂല്യം
തിരിച്ചുപിടിക്കുന്ന നടപടി

2765

ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടികജാതി വികസന വകുപ്പു മുഖേന ഒ.ബി.സി/എസ്.സി. കുട്ടികൾക്ക് ലഭിക്കുന്ന ഫീസാനുകൂല്യം, ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് ലഭിക്കുന്ന കുട്ടികളിൽ നിന്നും തിരിച്ചുപിടിക്കേണ്ടതുണ്ടോ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ഒ. ബി. സി. വിദ്യാർത്ഥികൾക്കുള്ള ഫീസിളവ്</u>

2766 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡിഗ്രി കോഴ്സിന് പഠിക്കുന്ന ഒ. ബി. സി. വിദ്യാർത്ഥികൾക്ക് എന്ത് തുകയാണ് പ്രതിവർഷം ഫീസിളവ് ലഭിക്കുന്നത് എന്നറിയിക്കുമോ ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം എന്തു തുകയാണ് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് ലഭിക്കുന്നതെന്നു വെളിപ്പെടുത്തുമോ ;

(സി) ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് ലഭിക്കുന്ന ഇത്തരം വിദ്യാർത്ഥികൾക്ക് ലഭിച്ച ഫീസിളവ് തിരിച്ചടക്കണമെന്നനിബന്ധന നിലവിലുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത നിബന്ധന ഒഴിവാക്കി വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിയ, ഫീസിളവ് ഇനത്തിലുള്ള തുക തിരിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**19.12.2012-ലെ മറുപടിക്ക്**

ഒ. ഇ. സി. വിഭാഗത്തില്‍പ്പെട്ട വിദ്യാര്‍ത്ഥികള്‍ക്കുള്ള സ്റ്റൈപ്പന്റ്

2767 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഒ. ഇ. സി. വിഭാഗത്തില്‍പ്പെടുന്ന വിദ്യാര്‍ത്ഥികള്‍ക്ക് സ്റ്റൈപ്പന്റ് നല്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ആനുകൂല്യം കഴിഞ്ഞ സാമ്പത്തികവര്‍ഷത്തില്‍ അര്‍ഹതപ്പെട്ട എല്ലാ വിദ്യാര്‍ത്ഥികള്‍ക്കും വിതരണം ചെയ്തിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ;

(സി) ഒ. ഇ. സി. വിദ്യാര്‍ത്ഥികള്‍ക്ക് തൃശൂര്‍ ജില്ലയില്‍ കഴിഞ്ഞ വര്‍ഷം സ്റ്റൈപ്പന്റ് ലഭിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ഡി) കാലതാമസം വന്നിട്ടുണ്ടെങ്കില്‍ ആനുകൂല്യം എത്രയും വേഗം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ഒ.ഇ.സി വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്

2768 ശ്രീമതി. ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ഇപ്പോൾ നൽകിവരുന്ന ലംപ്സം ഗ്രാന്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) അദ്ധ്യയനവർഷം അവസാനിക്കാറായിട്ടും പീരുമേട് നിയോജകമണ്ഡലത്തിലെ ഒ.ഇ.സി വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് തുക ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തുക വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾ</u>

2769 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) എത്ര ശതമാനം സീറ്റുകൾ എസ്.സി/എസ്.ടി, ഒ.ബി.സി വിഭാഗങ്ങൾക്കായി നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) എസ്.സി/എസ്.ടി വിഭാഗങ്ങൾക്കുള്ള സീറ്റുകൾ ഒഴിവു വന്നാൽ അവ ഒ.ബി.സി വിഭാഗങ്ങൾക്ക് നൽകാറുണ്ടോ ;

(ഡി) പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളെ കാലാനുസൃതമായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ ;

(ഇ) ഹോസ്റ്റലിലെ വിദ്യാർത്ഥികളുടെ താമസം, ഭക്ഷണം, മറ്റനുബന്ധ സൗകര്യങ്ങൾ എന്നിവ കുറ്റമറ്റതാക്കുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പൊന്നാനി കോട്ടത്തറയിൽ എസ്.സി. ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള നടപടി</u>

2770 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി, തിരൂർ താലൂക്കുകളിൽ എസ്.സി വിഭാഗത്തിനുള്ള പോസ്റ്റ്മെട്രിക്ക് ഹോസ്റ്റലുകൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊന്നാനി എം.ഇ.എസ് കോളേജ്, പൊന്നാനി ഐ.എ.എസ് കോച്ചിംഗ് അക്കാദമി, തിരൂർ മലയാളം സർവ്വകലാശാല, തിരൂർ തുഞ്ചൻ കോളേജ്, തിരൂർ എസ്.എസ്.എം പോളിടെക്നിക്ക്, കുറ്റിപ്പുറം എം.ഇ.എസ് എഞ്ചിനിയറിംഗ് കോളേജ്, പൊന്നാനി എസ്.സി.ഐ.ടി.ഐ തുടങ്ങിയ സ്ഥാപനങ്ങളിലെ എസ്.സി വിഭാഗം കുട്ടികൾ താമസ സൗകര്യമില്ലാതെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പൊന്നാനി കോട്ടത്തറയിൽ എസ്.സി ഹോസ്റ്റലിനായി ഏറ്റെടുത്ത 30 സെന്റ് ഭൂമിയിൽ ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് ബസ് സർവ്വീസുകളുള്ള പ്രസ്തുത സ്ഥലത്ത് അടിയന്തിരമായി ഇത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>വൈപ്പിൻ പട്ടികജാതി കോളനികളുടെ നവീകരണം</u>

2771 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിൽ പട്ടികജാതി കോളനികളുടെ നവീകരണത്തിനും, വികസനത്തിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് മണ്ഡലത്തിൽ നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇതിന് എത്ര തുകയാണ് നീക്കി വച്ചിട്ടുള്ളത്; തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ബാലുശ്ശേരി നിയമസഭാമണ്ഡലത്തിലെ വാഴോറമലയിൽ കോട്ടൂർ, പനങ്ങാട് ഗ്രാമപഞ്ചായത്തുകളിലെ പട്ടികജാതി കോളനികൾ</u>

2772 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയമസഭാമണ്ഡലത്തിലെ വാഴോറമലയിൽ കോട്ടൂർ, പനങ്ങാട് ഗ്രാമപഞ്ചായത്തുകളിൽ എത്ര പട്ടികജാതി കോളനികളുണ്ട് ; അവ ഏതൊക്കെയാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത കോളനികളിൽ ഓരോന്നിലും പട്ടികജാതി ക്ഷേമ വകുപ്പിന്റെ കണക്കുകൾ പ്രകാരം എത്ര വീതം കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ ; ആകെ ജനസംഖ്യ എത്രയാണെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത വിഷയത്തിൽ വകുപ്പിന്റെ കണക്കുകളും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ പ്രസിദ്ധീകരിച്ച കണക്കുകളും തമ്മിലുള്ള പൊരുത്തക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കിലയുടെ കണക്കുകളിലെ തെറ്റുകൾ തിരുത്തുന്നതിന് നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

വിജ്ഞാൻവാടി കെട്ടിട നിർമ്മാണത്തിനുള്ള നടപടി

2773 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ പനങ്ങാട് ഗ്രാമ പഞ്ചായത്ത് പറയര്കണ്ടി കോളനിയിൽ വിജ്ഞാൻവാടി കെട്ടിട നിർമ്മാണത്തിന് എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ ചുമതല ഏത് ഏജൻസിയെയാണ് ഏല്പ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) ബന്ധപ്പെട്ട ഏജൻസി ഇത് സംബന്ധിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഡിസൈൻ, പ്ലാൻ & എസ്റ്റിമേറ്റിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

## സ്വയം പര്യാപ്ത കോളനി പദ്ധതി

2774 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടിക ജാതി കോളനികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള സ്വയം പര്യാപ്ത കോളനി പദ്ധതിയിലേക്ക് നിലവിൽ പരാമർശിക്കപ്പെട്ടിട്ടുള്ള കോളനികളേക്കാൾ പിന്നോക്കം നിൽക്കുന്ന കോളനികളെ പരിഗണിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) അങ്കമാലി നിയോജക മണ്ഡലത്തിലെ സ്വയംപര്യാപ്ത കോളനി പദ്ധതിയിലേക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പുളിയനം, മറ്റൂർ തുടങ്ങിയ കോളനികളേക്കാൾ പിന്നോക്കം നിൽക്കുന്ന പാറക്കടവ് പഞ്ചായത്തിലെ അയനിക്കത്താഴം കോളനിയെ പരിഗണിക്കണമെന്ന അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച് ജനപ്രതിനിധികൾ അയനിക്കത്താഴം കോളനിയിൽ നടത്തിയ സ്ഥല സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പട്ടികജാതി ഓഫീസർ സമർപ്പിച്ചിട്ടുള്ള രണ്ട് റിപ്പോർട്ടുകളിൽ മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>കുട്ടനാട് സ്വയംപര്യാപ്തകോളനി പദ്ധതി</u>

2775 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 50 കുടുംബങ്ങൾക്ക് മേലുളള പട്ടികജാതി കോളനിപുനരുദ്ധാരണത്തിനുളള സ്വയംപര്യാപ്തകോളനി പദ്ധതി പ്രകാരം കുട്ടനാട്ടിലെ ഏതെല്ലാം കോളനികളാണ് പുനരുദ്ധീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) തകഴി അംബേദ്കർ കോളനി പുനരുദ്ധാരണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലേക്ക് നീലംപേരുർ ഗ്രാമപഞ്ചായത്തിലെ പട്ടികജാതികോളനിയും പരിഗണിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പൊന്നാനി കോട്ടത്തറയിലെ എസ്.സി. ഐ.ടി.ഐ</u>

2776 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കോട്ടത്തറയിൽ പ്രവർത്തിച്ചുവരുന്ന എസ്.സി.ഐ.ടി.ഐ യിൽ പതിറ്റാണ്ടുകൾക്ക് മുൻപ് തുടങ്ങിയ ഒരു ഇലക്ട്രീഷ്യൻ കോഴ്സ് മാത്രമാണ് ഉള്ളതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥാപനത്തിന് ധാരാളം സ്ഥലമുണ്ടെങ്കിലും പുതിയ കോഴ്സുകൾക്കായി കെട്ടിടമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ ;

(സി) തൊഴിൽ സാദ്ധ്യതയുള്ള കോഴ്സുകൾ പഠിയ്ക്കുന്നതിനുള്ള അവസരം പ്രദേശത്തെ എസ്.സി വിഭാഗം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പുതിയ ട്രേഡുകളും കെട്ടിട സൗകര്യങ്ങളും ഒരുക്കി പ്രദേശത്തെ എസ്.സി കുട്ടികൾക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുമോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>വെള്ളായണി സ്പോർട്സ് സ്കൂളിലെ പരിശീലകർ</u>

2777 ശ്രീ. പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന്റെ കീഴിൽ വെള്ളായണിയിൽ പ്രവർത്തിക്കുന്ന സ്പോർട്സ് സ്കൂളിൽ കുട്ടികളെ പരിശീലിപ്പിക്കുന്നതിനായി എത്ര പരിശീലകരുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇവരുടെ വേതനവ്യവസ്ഥകൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) കരാർ അടിസ്ഥാനത്തിൽ താൽക്കാലിക പരിശീലകർ പ്രവർത്തിക്കുന്നുണ്ടോ;

(ഡി) പ്രസ്തുത സ്പോർട്സ് സ്കൂളിലെ പരിശീലകർക്ക് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച വേതനം നൽകാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>പെരിങ്ങോട്ടുകുറിശ്ശി മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

2778 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരിങ്ങോട്ടുകുറിശ്ശി മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; എന്നത്തേക്ക് പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ബി) കൺസൾട്ടന്റായ കിറ്റ്കോ വഴി കരാർകാരൻ സമർപ്പിക്കുന്ന ബിൽ പ്രകാരമുള്ള ചെക്ക് വകുപ്പിന്റെ റ്റി.എസ്.ബി അക്കൗണ്ടിൽ നിന്നും മാറി നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിസമ്മതിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പണം ലഭിക്കാത്തതു മൂലം കരാർ ഏറ്റെടുത്ത കമ്പനി നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി ഉപകരണങ്ങൾ നീക്കം ചെയ്യാൻ ശ്രമിച്ചതും, നാട്ടുകാർ തടഞ്ഞതും, സംഘർഷം ഉണ്ടായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) കരാർ കമ്പനിക്ക് ഈ സാമ്പത്തികവർഷം ഇതുവരെ എന്ത് തുകയാണ് നൽകിയിട്ടുള്ളത് ; കിറ്റ്കോ വഴി നൽകിയ എത്ര ബില്ലുകൾ ഈ സാമ്പത്തിക വർഷം സർക്കാരിന്റെ പരിഗണനയ്ക്ക് വന്നു; ഈ ബില്ലുകൾ എന്നാണ് ലഭിച്ചത് ; ഇതിൽ എന്നാണ് തീരുമാനം എടുത്തത് ; ഇത് പ്രകാരമുള്ള തുകകൾ എന്നാണ് നൽകിയത് ;

(ഡി) തീരുമാനം എടുത്തില്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>എസ്.സി.പി. ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ</u>

2779 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ ഏതെല്ലാം കുടിവെള്ള പദ്ധതികളാണ് എസ്.സി.പി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിന് ഭരണാനുമതിക്കായി ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുവാനുള്ള കാലതാമസത്തിന് കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) അടിയന്തരമായി പ്രസ്തുത പദ്ധതികൾക്കാവശ്യമായ ഭരണാനുമതി നൽകി നിർമ്മാണ നടപടികൾ ആരംഭിക്കുവാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

വിനോദസഞ്ചാര മേഖലകളുടെ സംരക്ഷണം

2780 ശ്രീ. ജോസഫ് വാഴക്കൻ
,, ആർ. സെൽവരാജ്
,, പാലോട് രവി
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുവാനുദ്ദേശിക്കുന്നത്;

(ബി) ഇതിനായി പദ്ധതികൾ ആസൂത്രണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവരെ പങ്കാളികൾ ആക്കുവാനുള്ള നടപടികൾ പദ്ധതികളിൽ ഉൾപ്പെടുത്തുമോ;

(ഡി) ഇതിനായി ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ഏജ് ഹാൾട്ട് പദ്ധതി</u>

2781 ശ്രീ. വർക്കല കഹാർ
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. റ്റി. ഡി. സി യുടെ ഏജ് ഹാൾട്ട് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ഏതെല്ലാം റിസോർട്ടുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്;

(സി) ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നത്;

(ഡി) ഏതെല്ലാം പാക്കേജുകളാണ് പ്രസ്തുത പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി</u>

2782 ശ്രീ. തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) വിനോദസഞ്ചാര വികസനത്തിന് നിക്ഷേപം ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് വിദേശ രാജ്യത്ത് ടൂറിസം മേളകൾ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ടൂറിസം മേഖലയിൽ കേന്ദ്ര സർക്കാർ പദ്ധതികൾ</u>

2783 ശ്രീ. എം.എ. ബേബി
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. എ.എം. ആരിഫ്
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ പുതിയ കേന്ദ്ര പദ്ധതികൾ നേടിയെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ അത് എന്തു കൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാർ അനുവദിച്ച ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളതെന്നും അവ അനുവദിച്ച തീയതിയും പൂർത്തീകരിക്കേണ്ടിയിരുന്ന തീയതിയും വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ഗ്രാമീണ ടൂറിസം വികസനം</u>

2784 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ടൂറിസം വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദാംശം സഹിതം വ്യക്തമാക്കുമോ;

(ബി) അനുബന്ധ വികസനത്തിനായി എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് ഉതകുന്ന നടപടികൾ

2785 ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ടൂറിസം രംഗം മുൻവർഷങ്ങളെ അപേക്ഷിച്ച് എത്രത്തോളം വളർച്ച പ്രാപിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) 'കടൽ വിമാന സർവ്വീസ്'' സംബന്ധിച്ച് സാധ്യതാപഠനം നടത്തിയിട്ടുണ്ടോ ; ഏത് ഏജൻസിയാണ് പഠനം നടത്തിയതെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ടൂറിസം മേഖലയുടെ സമഗ്ര വളർച്ചയ്ക്ക് ഉതകുന്ന നൂതന ആശയങ്ങളും പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

കേന്ദ്രാനുമതിക്കായി സമർപ്പിച്ച
ടൂറിസം പദ്ധതികൾ

2786 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷത്തിൽ കേന്ദ്രാനുമതിക്കായി സമർപ്പിച്ച വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട പദ്ധതികളിൽ അനുമതി ലഭിക്കാനുള്ളവ ഏതെല്ലാമാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) കാരാപ്പുഴ ഡാം വികസന പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ടൂറിസം പദ്ധതികൾക്കുള്ള - സംസ്ഥാന ബഡ്ജറ്റ് വിഹിതം</u>

2787 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് കഴിഞ്ഞ പത്ത് വർഷത്തിൽ ഓരോ വർഷവും എത്ര കോടി രൂപയുടെ കേന്ദ്ര പദ്ധതികൾ നേടിയെടുക്കുകയുണ്ടായി ; പ്രസ്തുത പദ്ധതികൾക്ക് കേന്ദ്രം അനുവദിച്ച തുകയുടെ കണക്കുകൾ വർഷം തിരിച്ച് വിശദമാക്കാമോ ;

(ബി) കഴിഞ്ഞ പത്ത് വർഷകാലയളവിൽ ഓരോ വർഷവും സംസ്ഥാന ബഡ്ജറ്റ് വിഹിതം എത്ര കോടി രൂപ വീതമായിരുന്നു ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള പദ്ധതികൾ</u>

2788 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ടൂറിസം മേഖലയിലേക്ക് വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് പ്രചരണപരമായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിനുവേണ്ടി കൂടുതൽ പദ്ധതികൾക്ക് അംഗീകാരം നൽകുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>വിനോദസഞ്ചാര മേഖലയിലെ സന്ദർശകശേഷി</u>

2789 ശ്രീ. സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി -പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയിലെ സന്ദർശകശേഷി പരിശോധിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ പഠനം നടത്തുന്നുണ്ടോ;

(സി) എങ്കിൽ, ഏതെല്ലാം സ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് പഠനം നടത്തുന്നത്;

(ഡി) പഠനത്തിന്റെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പാക്കുന്ന കാര്യം ആലോചിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ടൂറിസം വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ്</u>

2790 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് ഈ സാമ്പത്തിക വർഷം ഇതിനകം ഏതെല്ലാം വർക്കുകൾക്ക് ഭരണാനുമതി നല്കുകയുണ്ടായി;

(ബി) വർക്കുകളുടെ പേരും തുകയും എക്സിക്യൂഷൻ ഏജൻസികളെയും സംബന്ധിച്ചുള്ള വിവരം ജില്ല തിരിച്ച് വിശദമാക്കുമോ; ഇവയിൽ എത്ര വർക്കുകൾ ഇതിനകം ടെണ്ടർ വിളിച്ച് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്; ടെണ്ടർ എക്സസ് ഉണ്ടെങ്കിൽ അവ എത്രയെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ദേശീയപാതയോരത്ത് വിശ്രമകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി

2791 ശ്രീ. റ്റി. എൻ. പ്രതാപൻ
,, അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയോരത്ത് വിശ്രമകേന്ദ്രങ്ങൾ ആരംഭിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ, പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) വിശ്രമകേന്ദ്രങ്ങളെ പരിസ്ഥിതി സൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്ന കാര്യം പദ്ധതിയിൽ ഉൾപ്പെടുത്തുമോ;

(ഡി) യാത്രക്കാർക്കായി എന്തെല്ലാം സൗകര്യങ്ങളാണ് വിശ്രമകേന്ദ്രങ്ങളിൽ ഒരുക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

**ഗവൺമെന്റ് ഗസ്റ്റ് ഹൗസുകളിൽ മുറികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം**

2792 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തും പുറത്തും പ്രവർത്തിക്കുന്ന ഗവൺമെന്റ് ഗസ്റ്റ് ഹൗസുകൾ ഓരോന്നിലും ഇപ്പോൾ അതിഥികൾക്ക് വാടകയ്ക്ക് നൽകാൻ പ്രാപ്തമായ എത്ര മുറികൾ വീതം ഉണ്ടെന്ന് വിശദമാക്കുമോ;

(ബി) അതിഥികൾക്ക് റൂം അലോട്ട് ചെയ്യുന്നത് ആരാണ്; മാനദണ്ഡം വിശദമാക്കുമോ;

(സി) കന്യാകുമാരി, കോവളം എന്നീ ഗവൺമെന്റ് ഗസ്റ്റ് ഹൗസുകളിലെ കഴിഞ്ഞ ഒരു മാസത്തെ മുറികളുടെ വിനിയോഗവും ജി. എ. ഡി. അലോട്ട്മെന്റും സംബന്ധിച്ച് വിശദമാക്കുമോ;

(ഡി) ജി.എ.ഡി. അലോട്ട് ചെയ്തിട്ടുള്ളതോ വെയ്റ്റിംഗ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതോ ആയ ഏതെങ്കിലും വ്യക്തികൾക്ക് റൂം ഉണ്ടായിരുന്നിട്ടും അനുവദിക്കാതിരുന്നിട്ടുണ്ടോ;

(ഇ) ഏതെങ്കിലും റൂം വെയിറ്റിംഗ് ലിസ്റ്റിലെ ക്രമം തെറ്റിച്ച് നല്കിയിട്ടുണ്ടോ; എങ്കിൽ ആർക്കാണ്; ആരെ ഒഴിവാക്കി കൊണ്ടാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്) പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിൽ നിന്നും നല്കുന്ന ഉത്തരവുകളെ മറികടക്കാൻ ഗസ്റ്റ് ഹൗസ് മാനേജർക്ക് അധികാരം നല്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

ഗസ്റ്റ്ഹൗസുകളിലെ ഭക്ഷണ വിലവിവര പട്ടിക

2793

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വനം വകുപ്പിന്റേയും ഐ. ആർ. സി. റ്റി. സി. യുടേയും ഒരു ലിറ്റർ പാക്ഡ് ഡ്രിങ്കിംഗ് വാട്ടർ പത്ത് രൂപയ്ക്ക് വിപണിയിൽ ലഭിക്കുമ്പോൾ സർക്കാർ ഗസ്റ്റ്ഹൗസുകളിൽ പതിനഞ്ച് രൂപ ഈടാക്കുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; നിരക്ക് കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) നിലവിൽ ഗസ്റ്റ്ഹൗസുകളിൽ നിശ്ചയിച്ചിരിക്കുന്ന കാറ്ററിംഗ് ചാർജിൽ ഇൻഗ്രീഡിയന്റ് കോസ്റ്റ്, ലാഭം എന്നിവ ഓരോന്നിന്റേയും ഇനം തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(ഡി) ഗസ്റ്റ്ഹൗസുകളിലെ ഡൈനിംഗ് ഹാളിലും, റിസപ്ഷൻ ഏരിയായിലും ഭക്ഷണ വിലവിവര പട്ടിക അടങ്ങുന്ന ബോർഡ് പ്രദർശിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രദർശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് വിജിലൻസിന്റെ ശുപാർശ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>മാർക്കറ്റിംഗിനായി ടൂറിസം വകുപ്പിന്
വകയിരുത്തിയ തുക</u>

2794

പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷം മാർക്കറ്റിംഗിനായി ടൂറിസം വകുപ്പിന് വകയിരുത്തിയ ബഡ്ജറ്റിലെ തുക എത്രയാണ്; ഈ വർഷം ഇതിനകം എത്ര കോടി രൂപ എന്തെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിക്കുകയുണ്ടായി;

(ബി) ടൂറിസം വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും പതിനായിരം രൂപയ്ക്ക് മുകളിൽ ഈ വർഷം നല്കിയ പരസ്യങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഗവൺമെന്റ് നിർദ്ദേശം സ്വീകരിച്ചുകൊണ്ട് നൽകിയവ ഏതൊക്കെ;

(സി) മാർക്കറ്റിംഗുമായി ബന്ധപ്പെട്ട ഏതെല്ലാം ഏജൻസികൾക്ക് എന്തു തുക വീതം ഏതെല്ലാം ആവശ്യങ്ങൾക്ക് ഇതിനകം നൽകുകയുണ്ടായി; ഇനി ഓരോ സ്ഥാപനത്തിനും നൽകാൻ അവശേഷിക്കുന്നത് എത്രയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ</u>

2795 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിൽ സ്ക്രാച്ച് ആന്റ് വിൻ കൂപ്പൺ പ്രിന്റ് ചെയ്യുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇതിനായി എത്ര ക്വട്ടേഷനുകൾ ലഭിച്ചുവെന്നും സ്ഥിരപ്പെടുത്തിയ ക്വട്ടേഷൻ ഏതായിരുന്നുവെന്നും വെളിപ്പെടുത്തുമോ ;

(സി) ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ ഏതായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ഡി. ടി. പി. സി സെക്രട്ടറിയുടെ നിയമന വ്യവസ്ഥകൾ

2796 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിലെ സർക്കാർ ജീവനക്കാരല്ലാത്ത സെക്രട്ടറിമാർ ആരൊക്കെയാണ്; ഏതെങ്കിലും സ്ഥാപനത്തിലെ താത്കാലിക ജീവനക്കാരനെ സെക്രട്ടറിയായി നിയോഗിച്ചിട്ടുണ്ടോ;

(ബി) നിയമന ഉത്തരവിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി ആരെയെങ്കിലും സെക്രട്ടറിയായി നിയമിച്ചിട്ടുണ്ടോ; എങ്കിൽ അവർ ആരൊക്കെ; ഏത് വ്യവസ്ഥയിൽ ആണ് നിയമിച്ചത്;

(സി) ഡി. ടി. പി. സി യിലെ സെക്രട്ടറിമാരുടെ നിയമന വ്യവസ്ഥകൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ബി. ആർ. ഡി. സി യിലെ മാനേജിംഗ് ഡയറക്ടറുടെ നിയമനം

2797 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി. ആർ.ഡി. സി യുടെ ഇപ്പോഴത്തെ മാനേജിംഗ് ഡയറക്ടറെ നിയമിച്ചത് എന്നു മുതലാണ്; ഏതെല്ലാം വ്യവസ്ഥകളിലാണ് നിയമിച്ചതെന്ന് വിശദമാക്കാമോ; നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) മാനേജിംഗ് ഡയറക്ർ ജോയിൻ ചെയ്തത് എന്നാണ്; അന്ന് മുതൽ ഇന്നു വരെ എത്ര ദിവസം അദ്ദേഹം ഓഫീസിൽ ഹാജരാവുകയുണ്ടായി;

(സി) ഇപ്പോഴത്തെ മാനേജിംഗ് ഡയറക്ടർക്കു വേണ്ടി വിവിധ ഇനത്തിൽ എന്തു തുക ഇതിനകം ചെലവഴിക്കുകയുണ്ടായി; വിശദമാക്കുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>വിദേശയാത്ര</u>

2798 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ടൂറിസം വകുപ്പുമന്ത്രി, ടൂറിസം സെക്രട്ടറി, കെ. ടി. ഡി. സി. ചെയർമാൻ, ടൂറിസം ഡയറക്ടർ തുടങ്ങി ആരെല്ലാം ഏതെല്ലാം വിദേശ യാത്രകൾ നടത്തുകയുണ്ടായി; ഏതെല്ലാം ആവശ്യങ്ങൾക്ക് ഏതെല്ലാം തീയതികളിൽ, ഏതെല്ലാം രാജ്യങ്ങൾ സന്ദർശിക്കുകയുണ്ടായി;

(ബി) ഓരോ യാത്രയ്ക്കും മേൽപ്പറഞ്ഞ ഓരോരുത്തർക്കും വേണ്ടിവന്ന ചെലവ് വിശദമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>കെ. ടി. ഡി. സി. നിർമ്മാണ പ്രവർത്തനങ്ങൾ</u>

2799 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റശേഷം ബോർഡ് തീരുമാനമോ സർക്കാർ നിർദ്ദേശമോ ഇല്ലാതെ കെ. ടി. ഡി. സി. നടപ്പാക്കിയ നിർമ്മാണ പ്രവർത്തനങ്ങളും മറ്റ് ചെലവുകളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ചെയർമാന്റെ നിർദ്ദേശങ്ങൾ മാത്രം പരിഗണിച്ച് ഏതെല്ലാം പ്രവൃത്തികൾ നിർവ്വഹിക്കുകയുണ്ടായി; ഇത്തരം ഇനങ്ങളിൽ ചെലവായ തുകകൾ വിശദമാക്കുമോ;

(സി) നിലവിലുള്ള കെ. ടി. ഡി. സി. ചെയർമാൻ ചാർജ് എടുത്തതിനുശേഷം നാളിതുവരെ അദ്ദേഹത്തിനുവേണ്ടി ചെലവഴിച്ച മൊത്തം തുക ഇനം തിരിച്ച് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

നിള ടൂറിസം പ്രേജക്ട്

2800 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മെയ് മുതൽ 2012 സെപ്തംബർ വരെ വിനോദസഞ്ചാര വകുപ്പ് എത്ര കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി; ഏതെല്ലാം പദ്ധതികൾ ആണ് നടപ്പിലാക്കിയത്;

(ബി) ഏതെല്ലാം ഇനത്തിലാണ് പണം ലഭ്യമാക്കാനായത്; ഇനം തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(സി) കേന്ദ്രത്തിൽ നിന്നും ടൂറിസം വികസനത്തിനായി ഏതെല്ലാം ഇനത്തിലാണ് തുക ലഭ്യമായത്; എന്തു തുക; ഒറ്റപ്പാലത്തു നിന്നും നിള ടൂറിസം പ്രോജക്ട് പാലക്കാട് ഡി. റ്റി. പി. സി വഴി സമർപ്പിച്ച ടൂറിസം പദ്ധതി ശ്രദ്ധയിലുണ്ടോ; പ്രസ്തുത പദ്ധതിയ്ക്കായി എന്തു തുക ആവശ്യമായി വരും എന്നാണ് കണക്കാക്കിയിട്ടുളളത്; പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>അഷ്ടമുടി ടൂറിസം പദ്ധതി</u>

2801 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഷ്ടമുടി ടൂറിസം പദ്ധതിയുടെ ഭാഗമായി നടത്തുന്ന അഷ്ടമുടി കായലിലെ കയ്യേറ്റങ്ങൾക്ക് വിരാമം കുറിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) കായലിലെ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) അഷ്ടമുടി ടൂറിസം പദ്ധതിക്ക് ആവശ്യമായ ഫണ്ട് ബഡ്ജറ്റിൽ വകയിരുത്തുവാൻ നടപടി കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>സംരക്ഷണ ഭിത്തി</u>

2802 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃപ്രയാർ സരയൂ തീരത്തിന്റെ മുൻപിലുള്ള പുഴയോരത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നു മുതലാണ് ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>കോവളം വിനോദസഞ്ചാര മേഖലയിലെ വീടുകളിൽ സൗജന്യ ബയോഗ്യാസ് പ്ലാന്റ്</u>

2803 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോവളം വിനോദസഞ്ചാര മേഖലയിലെ ആയിരം വീടുകളിൽ സൗജന്യമായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുവരെ എത്ര വീടുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പ്ലാന്റുകൾ ലഭിച്ചവരുടെ പേരും മേൽവിലാസവും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

കോവളം പ്രദേശത്തെ ടൂറിസം സാദ്ധ്യതകൾ

2804 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോവളം പ്രദേശത്തെ ടൂറിസം സാദ്ധ്യതകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സി.ആർ.ഇസഡ്. റെഗുലേഷനനുസരിച്ച് കോവളം ബീച്ചിനെ സോൺ 3-ൽ നിന്നും മാറ്റി സോൺ 2-ൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിലേക്ക് അപേക്ഷ സമർപ്പിക്കുവാൻ ടൂറിസം ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(സി) കേന്ദ്ര ഗവൺമെന്റിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**19.12.2012-ലെ മറുപടിക്ക്**

<u>കായംകുളം ജലോത്സവത്തിന്റെ ഗ്രാന്റ്</u>
<u>വര്‍ദ്ധിപ്പിക്കാന്‍ നടപടികള്‍</u>

2805 ശ്രീ. സി. കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കായലോര ടൂറിസവുമായി ബന്ധപ്പെട്ട് ആലപ്പുഴ മെഗാ ടൂറിസം പദ്ധതിയില്‍ ഉള്‍പ്പെടുത്തി കായംകുളത്ത് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്;

(ബി) കായംകുളം കായല്‍തീരത്ത് ഒരു പാര്‍ക്ക് നിര്‍മ്മിക്കുന്നതിനാവശ്യമായ നടപടികള്‍ സ്വീകരിക്കുമോ;

(സി) കായംകുളം ജലോത്സവത്തിന്റെ ഗ്രാന്റ് വര്‍ദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>തലശ്ശേരി പൈതൃക ടൂറിസം പദ്ധതി</u>

2806 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവർത്തികളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; ഇതിൽ ഏതെല്ലാം പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പൂർത്തീകരിക്കാത്തവ ഏതൊക്കെ ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(സി) ഇവ ഓരോന്നും എന്ന് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

അക്വേറിയം പുനരുദ്ധരിക്കുന്നതിനുള്ള നടപടി

2807 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ചിലുള്ള അക്വേറിയം പുനരുദ്ധരിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) എന്തു തുകയാണ് പ്രസ്തുത പ്രവൃത്തിക്കായി അനുവദിച്ചതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(ഇ) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതി-പോത്തുണ്ടി ഡാം ടൂറിസം പദ്ധതി</u>

2808 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി -പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയെയും, പോത്തുണ്ടി ഡാമിനെയും ബന്ധിപ്പിച്ച് നടത്താൻ പോകുന്ന ടൂറിസം പദ്ധതിയുടെ പ്രൊപ്പോസൽ ഉണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**19.12.2012-ലെ മറുപടിക്ക്**

<u>ബാലുശ്ശേരി ടൂറിസം കോറിഡോർ പദ്ധതി</u>

2809 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബാലുശ്ശേരി, കൊയിലാണ്ടി, പേരാമ്പ്ര നിയമസഭാ മണ്ഡലങ്ങളിലെ കാപ്പാട് ബീച്ച്, കണയംകോട് പുഴയോരം, ബാലുശ്ശേരി കോട്ട, വയലിട ഹിൽവ്യൂ, കക്കയം എക്കോ ടൂറിസം ഏരിയ, പെരുവണ്ണാമൂഴി - കുറ്റ്യാടി റിസർവോയർ എന്നീ വിനോദ സഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ബാലുശ്ശേരി ടൂറിസം കോറിഡോർ പദ്ധതി നിർദ്ദേശത്തിന്റെ പുരോഗതി അറിയിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>കൺവെൻഷൻ സെന്റർ ആരംഭിക്കുന്നതിന് നടപടി</u>

2810 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടിയിലെ മൊയിൻകുട്ടി വൈദ്യർ സ്മാരകത്തോടനുബന്ധിച്ച് ടൂറിസം വകുപ്പ് ഒരു കൺവെൻഷൻ സെന്റർ ആരംഭിക്കുന്നതിന് നിർദ്ദേശമുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>കായൽ ടൂറിസം പദ്ധതി</u>

2811 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ കോൾ മേഖലയിൽ കായൽ ടൂറിസം പദ്ധതി ആവിഷ്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പദ്ധതികൾ എന്നു നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ബേക്കൽ എയർ സ്ട്രിപ്പ് നിർമ്മാണം</u>

2812 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ എയർ സ്ട്രിപ്പ് നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇത് സ്ഥാപിക്കുന്നതിനുള്ള തുടർ നടപടികൾ ഏത് വരെയായെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**19.12.2012-ലെ മറുപടിക്ക്**

<u>ബേക്കൽ പാർക്ക്</u>

2813 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച ബേക്കൽ പാർക്ക് പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തിട്ടുണ്ടോ;

(ബി) ബന്ധപ്പെട്ട അതോറിറ്റിയിൽ നിന്ന് അനുമതി വാങ്ങി മുടങ്ങിപ്പോയ പ്രവൃത്തികൾ പൂർത്തിയാക്കി പാർക്ക് പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിന് ഇതു വരെ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>വീരമലക്കുന്ന് ടൂറിസം പദ്ധതി</u>

2814 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ വീരമലക്കുന്ന് ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് 2011-12 ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിരുന്നുവെങ്കിലും ഇതു സംബന്ധിച്ച് യാതൊരുവിധ നടപടികളും സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പറവൂർ ഗലീലിയോ ബീച്ച് നവീകരണം</u>

2815 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര പദ്ധതിയിൽ ഉൾപ്പെടുത്തി പുന്നപ്രവടക്ക് ഗ്രാമപഞ്ചായത്തിലെ പറവൂർ ഗലീലിയോ കടപ്പുറം നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ടൂറിസം വകുപ്പ് ഇതുസംബന്ധിച്ച് എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് ഭട്ട് റോഡ് ബീച്ചിലെ പാർക്ക്</u>
<u>ശുചീകരിക്കുന്നനായി സ്വീകരിച്ച നടപടി</u>

2816 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി -പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഭട്ട് റോഡ് ബീച്ചിലെ പാർക്കിൽ ശുചീകരണത്തിനായി ജീവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പാർക്ക് ശുചീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് ഭട്ട് റോഡ്- ബീച്ചിലെ പാർക്ക് വൈദ്യുതീകരണം</u>

2817 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് ഭട്ട്റോഡ് ബീച്ചിലെ പാർക്ക് വൈദ്യുതീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ഭൂതത്താൻകെട്ട് ടൂറിസം കേന്ദ്രത്തിന്റെ വികസനം</u>

2818 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജക മണ്ഡലത്തിലെ ഭൂതത്താൻ കെട്ട് ടൂറിസം കേന്ദ്രത്തിന്റെ വികസനത്തിന് വേണ്ടി എന്തെല്ലാം നടപടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ടൂറിസം കേന്ദ്രത്തിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കത്തക്ക നിലയിൽ പുതിയ ടൂറിസം പദ്ധതികളും ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പിൽഗ്രിം സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി</u>

2819 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും □ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീർത്ഥാടനകേന്ദ്രമായ തൃപ്രയാർ ക്ഷേത്രം കേന്ദ്രീകരിച്ച് ഒരു പിൽഗ്രിം സെന്റർ ആരംഭിക്കുന്ന കാര്യം ടൂറിസം വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എന്തു തുകയാണ് ഇതിനുവേണ്ടി നീക്കിവെച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) എന്നു മുതലാണ് നിർമ്മാണ പ്രവൃത്തി ആരംഭിക്കുകയെന്നു വെളിപ്പെടുത്തുമോ; ഇതിന്റെ നിർമ്മാണ കാലാവധി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>തിരുവനന്തപുരത്ത് സംഘടിപ്പിച്ച<br>ടൂറിസം പരിപാടികൾ</u>

2820 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഓണം വാരാഘോഷം, നിശാഗന്ധി ഫെസ്റ്റിവൽ തുടങ്ങി തിരുവനന്തപുരത്ത് സംഘടിപ്പിച്ച ടൂറിസം പരിപാടികൾ ഏതൊക്കെയായിരുന്നു; വിശദമാക്കുമോ;

(ബി) പ്രസ്തുത പരിപാടികൾ സംഘടിപ്പിച്ചതിനുശേഷം വരവ് ചെലവ് കണക്കുകൾ ബന്ധപ്പെട്ട കമ്മിറ്റിയുടെ അനുമതിയോടെ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഏതൊക്കെ പരിപാടികൾ ഇവന്റ് മാനേജ്മെന്റ് സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയിട്ടുണ്ട്; ചെലവ് സംബന്ധിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>കടലോളം ഓണം പരിപാടി</u>

2821 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഡി.റ്റി.പി.സി. ഇക്കഴിഞ്ഞ ഓണത്തിന് ശംഖുമുഖത്ത് 'കടലോളം ഓണം' എന്നൊരു പരിപാടി സംഘടിപ്പിച്ചിരുന്നോ; എങ്കിൽ പ്രസ്തുത പരിപാടിയുടെ മേൽനോട്ടം ഡി.റ്റി.പി.സി.യ്ക്ക് നേരിട്ടായിരുന്നോ, അതോ മറ്റേതെങ്കിലും ഏജൻസിക്ക് ആയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) കടലോളം ഓണം പരിപാടിക്കായി ഡി.റ്റി.പി.സി.യും സർക്കാരും എത്ര രൂപ വീതം ചെലവഴിച്ചുവെന്നും എത്ര രൂപ ലാഭം ഉണ്ടായെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം നഗരസഭയ്ക്ക് എത്ര രൂപ വിനോദനികുതിയായി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പരിപാടി സംഘടിപ്പിക്കാൻ തീരുമാനമെടുത്ത ഉദ്യോഗസ്ഥൻ ആരാണ്; വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2012 ഡിസംബർ 10.

പി.ഡി. ശാരംഗധരൻ,
സെക്രട്ടറി

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു